"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്- സർവീസിലിരിക്കെ മരണമടഞ്ഞ ഗ്രേഡ് സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) പി എൻ രാധാകൃഷ്ണന് അനുവദിച്ച ഭവന നിർമ്മാണ വായ്പയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.144/2026/HOME തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. സ.ഉ.(പി) 91/2017/ ധന തീയതി 17.07.2017
2. അക്കൗണ്ടന്റ് ജനറലിന്റെ 01.05.2024 തീയതിയിലെ ലെ LA 02/VI/HBA/POL-117707/331 നം. കത്ത്
3. ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 28.04.2025 തീയതിയിലെ FIREHQ/2703/2024-BA1 നം. കത്ത്

**ഉത്തരവ്**

ഗാന്ധിനഗർ അഗ്നിരക്ഷാ നിലയത്തിലെ ഗ്രേഡ് സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്ക്) നം. 2176 രാധാകൃഷ്ണൻ പി.എൻ സർവ്വീസിലിരിക്കെ മരണമടഞ്ഞതിനാൽ ഇദ്ദേഹത്തിനനുവദിച്ച ഭവന നിർമ്മാണ വായ്പാ തുകയായ 18,00,000/-രൂപയിൽ ബാക്കിയുള്ള 2,64,000/- രൂപയും, പലിശ 4,89,200/- രൂപയും പിഴപ്പലിശ 2,53,125/- രൂപയും ചേർത്ത് ആകെ 10,06,325/-രൂപ അടക്കുവാനുള്ളതായി അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. തുടർന്ന് വായ്പയിൽ പലിശ, പിഴപ്പലിശയിനങ്ങളിൽ തിരിച്ചടക്കാനുള്ള തുകയായ 7,42,325/- രൂപ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മരണപ്പെട്ട രാധാകൃഷ്ണൻ പി. എൻ ന്റെ ആകെ ബാധ്യതയായ 10,06,325/- രൂപയിൽ നിന്നും, പരാമർശം(1) ഉത്തരവ് പ്രകാരം, 5 ലക്ഷം രൂപ ഒരു പ്രത്യേക കേസായി പരിഗണിച്ച് താഴെ വിവരിക്കും പ്രകാരം എഴുതിത്തള്ളി ഉത്തരവാകുന്നു:

ആകെ ബാധ്യതയായ 10,06,325/- രൂപയിൽ, പലിശയിനത്തിലെ ബാധ്യതയായ 4,89,200/- രൂപ (നാല് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 2,64,000/- രൂപയിൽ നിന്നും 10,800/- രൂപ (പതിനായിരത്തി എണ്ണൂറ് രൂപ മാത്രം) "2075-00-795-98-HBA write off(N/V)" എന്ന ശീർഷകത്തിൽ ചെലവും "7610-00-201-98-HBA-State Service Officers(N/V)" എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളുന്നതോടൊപ്പം മുതലിനത്തിൽ ബാക്കിയുള്ള 2,53,200/-രൂപയും (രണ്ട് ലക്ഷത്തി അൻപത്തിമൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) ഭവന വായ്പയുടെ പിഴപ്പലിശയിനത്തിലെ ബാധ്യതയായ 2,53,125/- രൂപയും (രണ്ട് ലക്ഷത്തി അൻപത്തിമൂവായിരത്തി നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ഉൾപ്പെടെ ആകെ ബാധ്യതയായ 5,06,325/- രൂപ (അഞ്ച് ലക്ഷത്തി ആറായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) ഡി.സി.ആർ.ജി.- യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ഇദ്ദേഹത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കേണ്ടതുമാണ്.

3. ഈ ഉത്തരവ് നടപ്പാക്കുന്നതിനുള്ള അടിയന്തരനടപടികൾ ഡയറക്ടർ ജനറൽ കൈക്കൊള്ളേണ്ടതും നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി മഞ്ജു എൻ.എസ്, പൂച്ചനാട്ട് ഹൗസ്, എരമല്ലൂർ പി.ഒ, ചേർത്തല (ഡയറക്ടർ ജനറൽ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

ധനകാര്യവകുപ്പ് (23.09.2025 ലെ 3140366/എച്ച്.ബി.എ-1/127/2025/ധന പ്രകാരം)

വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Ratheesh G R

Date: 14-01-2026 12:58:03

സെക്ഷൻ ഓഫീസർ